## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 861      14/01/2021- ൽ മറുപടിയ്ക്ക്

### മിയാവാക്കി മാതൃകയിൽ വനവൽക്കരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് | അഡ്വ: കെ. രാജു<br>(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് മിയാവാക്കി മാതൃകയിൽ വനവൽക്കരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ | ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി | ഏതൊക്കെ ജില്ലകളിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്; ഇതിനായി എത്ര സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; | ബി | തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, എറണാകുളം ജില്ലയിലെ കാലടി പ്രകൃതി പഠനത്തിനുകീഴിലുള്ള സുവർണ്ണോദ്യാനം ബയോളജിക്കൽ പാർക്ക്, തൃശ്ശൂരിലെ പട്ടിക്കാട് എന്നീ സ്ഥലങ്ങളിലാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |
| സി | ഇപ്രകാരം നട്ട് വളർത്തുന്ന മരങ്ങളും ചെടികളും സംരക്ഷിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | സി | ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവരുടെ സാങ്കേതിക മേൽനോട്ടത്തിൻകീഴിൽ പരിപാലിച്ചു വരുന്നു. |
| ഡി | ഒരേക്കർ സ്ഥലത്ത് മിയാവാക്കി വനം വെച്ച് പിടിപ്പിക്കുന്നതിന് എന്ത് ചെലവ് വരും; വ്യക്തമാക്കാമോ? | ഡി | ഇൻവീസ് മൾട്ടിമീഡിയ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനം സൗജന്യമായിട്ടാണ് ടി പ്രവർത്തി ഏറ്റെടുത്തു ചെയ്തിട്ടുള്ളത്. വനം വകുപ്പിന്റെ ചെലവിൽ ഈ പദ്ധതി നടപ്പാക്കിയിട്ടില്ല. ആയതിനാൽ ചെലവ് എത്ര വരുമെന്ന് കണക്കാക്കിയിട്ടില്ല. |

Noushad-S

സെക്ഷൻ ഓഫീസർ